


സ്കൂൾ വിദ്യാർഥികൾക്കായി ടിസിഎസ് സംഘടിപ്പിച്ച ഐടി വിസ് ക്വിസ് മൽസരത്തിൽ വിജയികളായ തിരുവനന്തപുരം ലയോള സ്കൂളിലെ കാർത്തിക് പ്രകാശ് നായരും അദ്വൈത് ശങ്കറും ദക്ഷിണ നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ കെ.എൻ. സുശീലിൽനിന്നു ട്രോഫി ഏറ്റുവാങ്ങുന്നു. ടിസിഎസ് കൊച്ചി മേധാവി സന്തോഷ് കുറുപ്പ്, ക്വിസ് മാസ്റ്റർ ഗിരി ബാലസുബ്രഹ്മണ്യം എന്നിവർ സമീപം.

# ഐടി വിസ് ക്വിസ്: തിരുവനന്തപുരം ലയോള സ്കൂൾ ജേതാക്കൾ

## ഭവൻസ് ആദർശ വിദ്യാലയയ്ക്ക് രണ്ടാം സ്ഥാനം

കൊച്ചി: സ്കൂൾ വിദ്യാർഥികൾക്കായി ടാറ്റ കൺസൾറ്റൻസി സർവീസസ് (ടിസിഎസ്) സംഘടിപ്പിച്ച ഐടി വിസ് ക്വിസ് മൽസരത്തിൽ തിരുവനന്തപുരം ലയോള സ്കൂൾ വിജയികളായി. കാക്കനാട് ഭവൻസ് ആദർശ വിദ്യാലയയ്ക്കാണു രണ്ടാം സ്ഥാനം.

ലയോള സ്കൂളിനുവേണ്ടി കാർത്തിക് പ്രകാശ് നായരും അദ്വൈത് ശങ്കറുമാണു ഫൈനൽ റൗണ്ടിൽ മൽസരിച്ചത്. അതുൽ ചാക്കോ ഫിലിപ്പ്, ആർ. രവികൃഷ്ണൻ എന്നിവർ ഭവൻസ് ആദർശയ്ക്കുവേണ്ടി ഫൈനലിൽ മൽസരിച്ചു. ആദ്യഘട്ടത്തിൽ പതിനൊന്നു ജില്ലകളിൽ നിന്നായി ആയിരത്തി ഇരുനൂറോളം വിദ്യാർഥികൾ പങ്കെടുത്ത മൽസരത്തിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ആറു ടീമുകളാണു ഫൈനലിൽ മൽസരിച്ചത്.

ദക്ഷിണ നാവിക കമാൻഡ് മേധാവി വൈസ് അഡ്മിറൽ കെ.എൻ. സുശീൽ, ടിസിഎസ് കൊച്ചി മേധാവി സന്തോഷ് കുറുപ്പ് എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു.